# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ: 4193

25.06.2018-ലെ മറുപടി

### അരുവിക്കരയിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം

**ചോദ്യം**

ശ്രീ.കെ.എസ്.ശബരീനാഥൻ

**മറുപടി**

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) ജല അതോറിറ്റിയുടെ അരുവിക്കര പ്ലാന്റിൽ ആവശ്യത്തിന് രാസവസ്തുക്കളില്ലാത്തതിനാൽ തിരുവനന്തപുരം നഗരത്തിലേക്കുള്ള കുടിവെള്ളം ശുദ്ധീകരിക്കാതെയാണ് വിതരണം ചെയ്യുന്നതെന്ന വാർത്ത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എ) ഇല്ല.

(ബി) നിലവിൽ പ്ലാന്റിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനമെന്താണ്;

(സി) തിരുവനന്തപുരം നഗരത്തിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**(ബി)യും, (സി)യും**

ഈ പ്രവർത്തിക്കായി ദിവസവും കൃത്യമായ ഇടവേളകളിൽ അസംസ്കൃത ജലത്തിന്റെയും ശുദ്ധീകരിച്ച ജലത്തിന്റെയും ഗുണ നിലവാരം ലാബുകളിൽ പരിശോധിച്ച് ഉറപ്പാക്കുന്നു. കൂടാതെ വിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ക്വാളിറ്റി കൺട്രോൾ ലാബുകളിൽ കൃത്യമായി പരിശോധിക്കുകയും ഗുണനിലവാര പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഗുണനിലവാരം ഉറപ്പു വരുത്തിയാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്.

**സെക്ഷൻ ഓഫീസർ**